**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 563** **09-08-2023 - ൽ മറുപടിയ്ക്ക്**

**ഇന്ധന സെസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് രണ്ട് രൂപ പെട്രോൾ, ഡീസൽ സെസ് ആയി ഏർപ്പെടുത്താനിടയായ സാഹചര്യം വിശദമാക്കാമോ; | (എ) | 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ടിലേക്ക് വകയിരുത്തുന്നതിന് വേണ്ടിയാണ് പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിന് രണ്ട് രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ സെസ്സ് ഏർപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | ഇന്ധന വില്പനയിൽ പ്രത്യേകിച്ച്, ഡീസലിന്റെ വിൽപ്പനയിൽ, പെട്രോൾ, ഡീസൽ സെസ് ഏർപ്പെടുത്തിയശേഷം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറവുണ്ടായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | 1963 ലെ കേരള പൊതു വിൽപന നികുതി നിയമ പ്രകാരം സംസ്ഥാനത്ത് പെട്രോളിൽനിന്നും ഡീസലിൽ നിന്നും 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ ലഭിച്ച നികുതി വരുമാന കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. പെട്രോൾ, ഡീസൽ എന്നിവയിൽനിന്നുള്ള നികുതി വരുമാനം സംബന്ധിച്ച പ്രസ്തുത കണക്കുകളിൽ നിന്നും മുൻ സാമ്പത്തിക വർഷങ്ങളിലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇതിനെ ഒരു വലിയ വ്യതിയാനമായി കണക്കാക്കാൻ കഴിയുകയില്ല. |
| (സി) | വാഹന വില്പന വർദ്ധിക്കുമ്പോഴും ഇന്ധന വിൽപ്പന കുറയുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (സി) | നടപ്പ് സാമ്പത്തിക വർഷത്തിലെ ഇന്ധന ഉപഭോഗ കണക്കുകൾ മുൻ സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ 2023 ജൂലൈ 31 വരെ പെട്രോളിന്റെ ഉപഭോഗത്തിൽ വർദ്ധനവ് ഉണ്ടായതായി കാണുന്നുണ്ട്. എന്നാൽ ഡീസലിന്റെ ഉപഭോഗത്തിൽ ഒരു നേരിയ വ്യതിയാനം ഉള്ളതായി കാണുന്നു. മുൻ സാമ്പത്തിക വർഷങ്ങളിലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇതിനെ ഒരു വലിയ വ്യതിയാനമായി കണക്കാക്കാൻ കഴിയുകയില്ല. |
| (ഡി) | ഇന്ധന വില ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ അന്തർ സംസ്ഥാന ചരക്കു വാഹനങ്ങൾ അടക്കമുള്ള | (ഡി) | നടപ്പ് സാമ്പത്തിക വർഷത്തിലെ ഇന്ധന വിൽപ്പന കണക്കുകൾ മുൻ സാമ്പത്തിക വർഷത്തിലെ ഇതേ |

| | | | |
|---|---|---|---|
| | വാഹനങ്ങൾ ഇന്ധന വില കുറവുള്ള മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് സംസ്ഥാനത്തിനെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | | കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ 2023 ജൂലൈ 31 വരെ ഡീസലിന്റെ നികുതി വരുമാനത്തിൽ ഒരു നേരിയ വ്യതിയാനം ഉള്ളതായി കാണുന്നുണ്ട്. എന്നാൽ പെട്രോളിന്റെ നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായതായും കാണുന്നുണ്ട്. ആയതിനാൽ ഇന്ധനത്തിൽ നിന്നുമുള്ള ആകെ നികുതി വരുമാനത്തിൽ വലിയ ഒരു കുറവുണ്ടായതായി കാണുന്നില്ല. പെട്രോളിൽ നിന്നും ഡീസലിൽനിന്നും ഉള്ള നികുതി വരുമാനം മുൻവർഷത്തെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ 5.8% വർദ്ധനവുണ്ടായതായി കാണുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

പെട്രോളിൽനിന്നും ഡീസലിൽ നിന്നും 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ ലഭിച്ച നികുതി വരുമാന കണക്കുകൾ

| | പെട്രോൾ (കോടി) (Provisional) | | ഡീസൽ (കോടി) (Provisional) | |
|---|---|---|---|---|
| മാസം | 2022-23 | 2023-24 | 2022-23 | 2023-24 |
| ഏപ്രിൽ | 39.17 | 48.53 | 35.45 | 42.85 |
| മേയ് | 533.41 | 531.24 | 472.12 | 416.3 |
| ജൂൺ | 533.44 | 595.18 | 484.60 | 512.19 |
| ജൂലൈ | 479.53 | 537.46 | 444.7 | 440.94 |

**സെക്ഷൻ ഓഫീസർ**